Talented Bankers Literary Panel
പുസ്തക പരിചയം 221

പരിചയപ്പെടുത്തുന്നത്,
അമിത് കുമാർ,
ഫെഡറൽ ബാങ്ക്,
ഹെഡ് ഓഫീസ്,
ആലുവ.

ഒന്നാം ഫോറൻസിക് അദ്ധ്യായം
രജത് ആർ

ആലപ്പുഴ മെഡിക്കൽ കോളേജിലെ അനാട്ടമി വിഭാഗം അസിസ്റ്റന്റ്പ്രൊഫസറായ ഡോ. രജതിന്റെ പ്രഥമ നോവലാണ് ഒന്നാം ഫോറൻസിക് അധ്യായം.

ഫോറൻസിക് സർജനും കൂടിയായ ഡോ. അരുൺ ബാലൻ ഐ പി എസ്, ഒരു തിരോധാനം അന്വേഷിച്ച് ചുരുളഴിക്കുന്നതാണ് നോവലിന്റെ ഇതിവൃത്തം.

പൊതുമരാമത്തു മന്ത്രിയുടെ മകനും അരുൺ ബാലന്റെ സഹപാഠിയും തൊട്ടടുത്തു നടക്കാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ഭരണകക്ഷിയെ നയിക്കേണ്ടയാളുമായ സുജിത്ത് കൃഷ്ണന്റെ തിരോധാനമാണ് അരുൺ അന്വേഷിക്കേണ്ടതായി വരുന്നത്.

സുജിത്തിനെ അവസാനമായി കണ്ടത് പ്രതിപക്ഷനേതാവിന്റെ വീട്ടിൽ വച്ചാണ് (വീട്ടിലെ സിസിടിവി കാമറയിൽ ദൃശ്യങ്ങളുണ്ട്) എന്നത് രാഷ്ട്രീയപരമായ പല ഊഹാപോഹങ്ങൾക്കും കാരണമാവുന്നുണ്ട്. പ്രതിപക്ഷനേതാവിന്റെ വീട്ടിലെ സ്വീകരണമുറിയിൽ നിന്നു ലഭിച്ച രക്തക്കറ സുജിത്തിന്റെ തന്നെയാണെന്ന് അന്വേഷണത്തിലൂടെ മനസിലാവുന്നു. കൂടാതെ, സുജിത്തിന്റെ മൊബൈൽ ഫോണും സ്വീകരണ മുറിയിൽ നിന്നു തന്നെ ലഭിക്കുന്നുമുണ്ട്.

പ്രതിപക്ഷ നേതാവിന്റെ മകൾ രേവതിയും സുജിത്തും കമിതാക്കളായിരുന്നു. അവർ തമ്മില് അടുത്തകാലത്ത് എന്തോ അസ്വാരസ്യങ്ങൾ ഉടലെടുത്തിരുന്നതായി സുജിത്തിന്റെ ഡയറി യാദൃച്ഛികമായി വായിക്കാനിടയായ അരുൺ ബാലന് മനസിലാവുന്നു.

രേവതിയും അവളുടെ ജിമ്മനായ കസിനും തമ്മിൽ ഉണ്ടെന്ന് സുജിത്ത് സംശയിച്ച അവിഹിതമാണോ ഇരുവരേയും തമ്മിൽ തെറ്റിച്ചതും സുജിത്തിനെ അപകടത്തിൽ പെടുത്തുന്നതിൽ കലാശിച്ചതും ?

അതോ, സുജിത്തുള്ളടത്തോളം കാലം തനിക്കു രാഷ്ട്രീയമായി വളരാനാവില്ല എന്നു തിരിച്ചറിഞ്ഞ, സുജിത്തിന്റെ പാർട്ടിയിലെ തന്നെ യുവജനനേതാവായ രമേശ് തനിച്ചോ രേവതിയുമായി ചേർന്നാണോ സുജിത്തിനെ അപായപ്പെടുത്തിയത്?

സുജിത്തിനെ കാണാതായ ദിവസം, അത്യാവശ്യമായി തന്നെ വന്നു കാണാൻ ആവശ്യപ്പെട്ടുകൊണ്ട് രമേശിന് രേവതി അയച്ച എസ് എം എസ് അന്വേഷണോദ്യോഗസ്ഥർ കണ്ടെത്തുന്നുണ്ട്. കൂടാതെ, അയൽപക്കത്തെ വൃദ്ധ, അർദ്ധരാത്രിയോടടുപ്പിച്ച് രമേശ് പിറകിലത്തെ വഴിയിലൂടെ പ്രതിപക്ഷനേതാവിന്റെ വീട്ടിലേക്ക് പോവുന്നത് കണ്ടിട്ടുമുണ്ട്.

ഇനിയുമുണ്ട് വിഷയങ്ങൾ. സുജിത്തിന്റെ പാർട്ടിയ്ക്ക് വളരെയധികം സംഭാവനകൾ നൽകുന്ന ഒരു പാലം കോൺട്രാക്ടറുടെ അഴിമതി പുറത്തുകൊണ്ടുവന്നതിലൂടെ നാട്ടുകാർക്ക് സുജിത്ത് പ്രിയങ്കരനായെങ്കിലും പാർട്ടി നേതാവായ സ്വന്തം അച്ഛന് സുജിത്ത് ശല്യമായിത്തീരുന്നുണ്ട്. അവർ തമ്മില് അകലുകയും ചെയ്യുന്നു. കാരണം തെരഞ്ഞെടുപ്പാണ് വരുന്നത്. ഫണ്ടില്ലെങ്കിൽ പാർട്ടിയെങ്ങനെ മത്സരിക്കും ?

ഇതോടെ സുജിത്തിന്റെ അച്ഛനും ഇതിലെന്തോ പങ്കുണ്ട് എന്ന സംശയം അരുണിന് ബലപ്പെടുന്നു.

ഇതിനിടെ സുജിത്തിന്റേതെന്നു സംശയിക്കുന്ന കാല്, മുട്ടിനു കീഴെ വച്ചു മുറിച്ച അവസ്ഥയിൽ ലഭിക്കുന്നു. ഡി എൻ എ പരിശോധനയിൽ അത് സുജിത്തിന്റേതെന്നു തന്നെ എന്ന് തിരിച്ചറിയുന്നു.

തിരോധാനം എന്ന നിലയ്ക്കായിരുന്ന അന്വേഷണം തുടർന്ന്, കൊന്നതാര് എന്ന അന്വേഷണത്തിലേയ്ക്ക് കടക്കുന്നു.

വായനക്കാരാവട്ടെ ഉദ്വേഗത്തിലേക്കും. തുടർന്നുള്ള കഥ ഞാൻ പറയാൻ ഉദ്ദേശിക്കുന്നില്ല. ഒരു കാര്യം മാത്രം ഉറപ്പുതരാം. ക്ലൈമാക്സ് ഒരിക്കലും നിരാശപ്പെടുത്തില്ല. കഥ പറഞ്ഞുപറഞ്ഞ് പ്രേക്ഷകരെ വഴിതെറ്റിച്ചു കൊണ്ടുപോയി, അവസാനം ഇങ്ങനല്ല, വേറൊന്നാണ് കഥ എന്ന മട്ടിൽ അവതരിപ്പിക്കുന്ന ചില മലയാള സിനിമകൾ പോലെയല്ല 'ഒന്നാം ഫോറൻസിക് അദ്ധ്യായം'. ഞാൻ ഗ്യാരണ്ടി.

അപ്പോൾ കഥയുടെ രത്നച്ചുരുക്കം ഞാൻ തന്നു കഴിഞ്ഞു. എന്തായിരിക്കാം ബാക്കി സംഭവം എന്നറിയാൻ നോവൽ വായിച്ചുതന്നെ നോക്കുക.

ഇതുകൂടി : ഒരു അനാട്ടമി പ്രൊഫസർ എന്നാൽ മനുഷ്യശരീരത്തെ വളരെ സൂക്ഷ്മമായി പരിശോധിക്കുകയും മനസിലാക്കുകയും

പറഞ്ഞുകൊടുക്കുകയുമൊക്കെ ചെയ്യുന്ന ആളാണല്ലോ. ഭാഷയിലും കൂടി അതേ സൂക്ഷ്മത കൊണ്ടുവന്നാൽ ഭംഗിയായിരുന്നു. കുറച്ചിടങ്ങളിൽ ഈ സൂക്ഷ്മതക്കുറവ് അനുഭവപ്പെട്ടതിനാലാണ് ഈയൊരു നിർദ്ദേശം. അടുത്ത നോവലിൽ, അല്ലെങ്കില് ഇതിന്റെ തന്നെ രണ്ടാം പതിപ്പിൽ ഇക്കാര്യം പരിഗണിക്കണമെന്ന് എഴുത്തുകാരനെ അറിയിക്കണമെന്നുണ്ട് എന്നതും പറയട്ടെ.

പ്രസാധകർ: ഗ്രീൻ ബുക്ക്സ്
വില : 225 രൂപ (ആമസോണിൽ 149 രൂപയ്ക്ക് ലഭ്യം)